ഉത്തരം

(എ) ജനസമ്പർക്ക പരിപാടികളിൽ ഓരോ ജില്ലയിലും പ്രഖ്യാപിച്ച പല പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ വിവിധ തലങ്ങളിൽ പുരോഗമിക്കുന്നു.

(ബി) സമയബന്ധിതമായി പൂർത്തീകരിക്കുവാനാണ് തീരുമാനം.

അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകളിലെ നിയമനം

30 (3533) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, ലോക്കൽഫണ്ട് ആഡിറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, പി.എസ്.സി.എന്നിവിടങ്ങളിൽ അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) 2016 മാർച്ച് 31 വരെ പ്രസ്തുത തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളെത്ര;

(സി) പ്രസ്തുത തസ്തികയിലെ നിലവിലെ എല്ലാ ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) ടി വകുപ്പുകളിൽ പുതിയതായി അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകൾ പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാം; എത്ര വീതം തസ്തികകളാണ് സൃഷ്ടിക്കാൻ ശിപാർശ ലഭിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുത തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളിലും പ്രതീക്ഷിത ഒഴിവുകളിലും സൂപ്പർ ന്യൂമററിയായി ഉദ്യോഗാർത്ഥികൾക്ക് അടിയന്തരമായി നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) ആരോഗ്യസർവ്വകലാശാലയിലെ സമാന തസ്തികയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ നിയമനത്തിനായി സെക്രട്ടേറിയറ്റിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്നതിനുള്ള ശിപാർശ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിൽ ഓഡിറ്റർ തസ്തികയിൽ 32 ഒഴിവുകളും, അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ അസിസ്റ്റന്റ് തസ്തികയിൽ 1 ഒഴിവും നിലവിലുണ്ട്. അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയുടെ തെരഞ്ഞെടുപ്പിനായി നിലവിൽ P.S.C.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ കൂടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ അസിസ്റ്റന്റ് തസ്തികയിൽ 1 ഒഴിവും നിലവിലുണ്ട്. അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയുടെ തെരഞ്ഞെടുപ്പിനായി നിലവിൽ P.S.C.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ ചുവടെ ചേർക്കുന്നു:

1.	അഡ്വക്കേറ്റ് ജനറൽ ഓഫീസ്	- 1 പ്രതീക്ഷിത ഒഴിവ് (1-12-2015)	
		Fresh - ഒഴിവ്	2
2.	GAD	- 8 പ്രതീക്ഷിത ഒഴിവ് (1-12-2015)	8
3.	Finance	- 4Fresh ഒഴിവ്	4
4.	KPSC	- 3Fresh ഒഴിവ്	3
		ആക ഒഴിവുകൾ	17

(ബി) 2016 മാർച്ച് മാസം വരെ ഉണ്ടാകാനിടയുള്ള പ്രതീക്ഷിത ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. അഡ്വക്കേറ്റ് ജനറൽ ഓഫീസ്	-	2 പ്രതീക്ഷിത ഒഴിവുകൾ
2 Finance	-	2 പ്രതീക്ഷിത ഒഴിവുകൾ
3 Local Fund Audit Dept.	-	16 പ്രതീക്ഷിത ഒഴിവുകൾ

പൊതുഭരണ വകുപ്പിലെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി P.S.C.- ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിലെ ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും P.S.C. -ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാൻ നിയമനാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(എഫ്) ഇക്കാര്യത്തിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ഹോൾഡേഴ്സ് നൽകിയ നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

സർവ്വീസിൽനിന്നും വിരമിച്ച ഐ.എ.എസ്. ഉദ്യോഗസ്ഥർ

31 (3534) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കേഡറിൽ പ്രവൃത്തിച്ച് സർവ്വീസിൽ നിന്ന് വിരമിച്ച ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ പേര് വിവരം സൂക്ഷിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly